**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 2303** — **08.07.2015- ലെ മറുപടി.**

## ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തിയത് എന്നാണ്; കൗൺസിൽ എന്തെങ്കിലും ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) എം.ബി.ബി.എസ് കോഴ്സുമായി ബന്ധപ്പെട്ട് ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അവസാനഘട്ട പരിശോധന നടന്നത് 28.04.2015 തീയതിയിലാണ്. പരിശോധനാനന്തരം അദ്ധ്യാപകരുടെയും സീനിയർ റസിഡന്റുകളുടെയും കുറവാണ് പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. |
| (ബി) മെഡിക്കൽ കൗൺസിലിന്റെ പരിശോധനയെ തുടർന്ന് മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്., പി.ജി സീറ്റുകളിൽ പ്രവേശനം നടത്തുന്നത് കൗൺസിൽ തടഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) ഇല്ല |
| (സി) മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) അദ്ധ്യാപകരുടെ വിരമിക്കലിലൂടെ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. സീനിയർ റസിഡന്റ്മാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും അവരെ നേരിട്ട് നിയമിക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പൽമാർക്ക് നൽകിയിട്ടുമുണ്ട്. ലക്ചർ തിയേറ്ററുകളുടെയും ഹോസ്പിറ്റൽ മന്ദിരത്തിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോടടുക്കുന്നു. കൂടാതെ ലൈബ്രറി, ലക്ചർ ഹാൾ കോംപ്ലക്സ്, എക്സാമിനേഷൻ ഹാൾ, കാഷ്വാലിറ്റി, ട്രോമ കെയർ യൂണിറ്റ്, സെൻട്രൽ കാഷ്വാലിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ